മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 4 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

Shri K. C. Joseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is, by leave, withdrawn.

Mr. Speaker: Shri V. K. C. Mammed Koya, do you press your amendment?

Shri V. K. C. Mammed Koya: No.

Mr. Speaker: The amendment moved by Shri Mammed Koya is, by leave, withdrawn.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ Kerala Irrigation and Water Conservation Bill പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനക്ക് എടുക്കുന്നു.

ക്ലാസ് ബൈ ക്ലാസ് പരിഗണനയിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു അനൗൺസ്മെന്റ് നടത്താനുണ്ട്.

IX. പ്രത്യേക അറിയിപ്പ്

സ്വാശ്രയ സ്ഥാപനങ്ങളിലെ അഡ്മിഷൻ സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വളരെയേറെ സന്തോഷത്തോടുകൂടിയാണ് ഏറ്റവുമൊടുവിൽ ഡൽഹിയിൽ നിന്നു ലഭിച്ച അനൗപചാരികമായ ഒരു വാർത്ത ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടാക്കാൻ നമ്മൾ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാക്കിയെങ്കിലും അതിലെ അഡ്മിഷനെക്കുറിച്ചും ഫീസിനെക്കുറിച്ചുമുണ്ടായ തർക്കങ്ങളെ തുടർന്ന് കുറേ പ്രശ്നങ്ങൾ ഉണ്ടായി. ആ പ്രശ്നങ്ങൾ ഏതായാലും ഗവൺമെന്റും പ്രതിപക്ഷവും എല്ലാവരുംകൂടി ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ്. ഈ സന്തോഷ മുഹൂർത്തത്തിൽ പ്രതിപക്ഷ നേതാവു കൂടി കടന്നുവരുന്നുണ്ട്. അദ്ദേഹംകൂടി ഇരുന്നിട്ട് ബാക്കി പറയാം. ഏതായാലും നമ്മളെല്ലാം ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ എല്ലാം ശുഭകരമായി പര്യവസാനിക്കും എന്നാണ് എന്റെ വിശ്വാസം. പൂർണ്ണമായി പറയാറായിട്ടില്ല; എന്നാലും ഇപ്പോൾ കിട്ടിയ അനൗപചാരിക ഇൻഫർമേഷൻ ഞാൻ ഈ സഭയ്ക്കു മുമ്പാകെ വയ്ക്കുകയാണ്. (1) This year the seat sharing shall be 50:50 (2) Government has the right to regulate the mode of admission in these institutions. (3) Fees structure and selection process shall be decided by a Committee headed by a retired Judge. ഇനിയും ഇതിന്റെ അടിസ്ഥാനത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിപക്ഷവും ഭരണപക്ഷവും ഈ സംസ്ഥാനത്തെ മറ്റെല്ലാ വിഭാഗങ്ങളും സഹകരിച്ചുകൊണ്ട്. ഇനിയെങ്കിലും നമ്മുടെ വിദ്യാഭ്യാസ മേഖലക്ക് പൂർവ്വാധികം സമാധാനപരമായി മുന്നോട്ടുപോകാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തെപ്പറ്റി സംശയമുള്ളത് ഒന്നു ചോദിച്ചോട്ടെ. ഈ 50:50 എന്നു പറയുന്നത് ഗവൺമെന്റു കോളേജുകളിലെ ഫീസ് തന്നെ ആയിരിക്കുമെന്ന് പൂർണ്ണമായും വിശ്വസിക്കാമല്ലോ. 50% സംബന്ധിച്ച് സംശയം പിന്നെ ഉണ്ടാകില്ലല്ലോ. 50% മെറിറ്റ് ഫീസ് 2 സ്വാശ്രയ കോളേജ് = ഒന്ന് എന്നു പറയുന്ന സ്പിരിറ്റിൽതന്നെ നടപ്പിലാക്കും എന്ന് സംശയം തീർക്കാൻ ചോദിച്ചു എന്നേയുള്ളൂ.

ശ്രീ. എ. കെ. ആന്റണി: ഏതായാലും ഗവൺമെന്റ് ഒരു നിലപാടെടുത്തശേഷം അതിന് ചില തടസ്സങ്ങൾ ഉണ്ടായപ്പോൾ കേരള ഗവൺമെന്റ് മാത്രമാണ് അതിനെ ചലഞ്ച് ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ പോയത്. അതിന്റെ പിന്നാലെയാണ് മറ്റുള്ളവർ കൂടിയത്. നമ്മുടെ നിലപാട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഫീസ് സ്ട്രക്ച്ചറിന്റെ കാര്യത്തിൽ റിട്ടയേർഡ് ജഡ്ജി ചെയർമാനായിട്ടുള്ള കമ്മിറ്റിയുണ്ടാകണമെന്നാണ്. ചങ്കെടുത്തു കാണിച്ചാലും ചെമ്പരത്തിപൂവ് എന്ന് പറയരുത്. ഈ ഗവൺമെന്റ് ഡൽഹിവരെ പോയി, സുപ്രീംകോടതിവരെ പോയി ഫൈറ്റ് ചെയ്തതാണ്. ഇനി വിധിന്യായം കിട്ടട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കോടതി വിധി നമ്മൾ കാത്തിരിക്കുന്നതെന്തിനാണ്? കോടതി വിധി നമുക്കെതിരായിട്ടാണെങ്കിൽ നിയമനിർമ്മാണം വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽനിന്ന് കാലുമാറരുത്. പ്രതിപക്ഷവും ജനങ്ങളും ഉദ്ദേശിച്ചതിന് വിരുദ്ധമായിട്ടൊന്നും ഫുള്ളായിട്ട് പത്രങ്ങളിൽ ഇതുവരെ വന്നിട്ടില്ല. മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. അതുകൊണ്ട്.....

മി. സ്പീക്കർ: ഇത് ചർച്ചയല്ല. ബില്ലിനടിയിൽ ഒരു അനൗൺസ്മെന്റ് നടത്തിയതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുഖ്യമന്ത്രിക്കു കിട്ടിയ വിവരം ഇവിടെ കൺവേ ചെയ്തതിൽ സന്തോഷം. വിധിയുടെ പൂർണ്ണമായ പകർപ്പ് വന്നുകഴിഞ്ഞാലേ യഥാർത്ഥത്തിലുള്ള സ്ഥിതി വരാൻ പോകുന്നുള്ളൂ. ഞാൻ ചോദിക്കുന്നത് ഇവിടുത്തെ പ്രഖ്യാപനത്തിൽനിന്ന് മാറരുത് എന്നാണ്. അത് സംബന്ധിച്ച് ഒന്നും ഇവിടെ വിശദീകരിച്ചില്ല.

ശ്രീ. എ. കെ. ആന്റണി: വിധി ന്യായം വരട്ടെ. അതുകഴിഞ്ഞ് ആലോചിക്കാം.

നിയമനിർമ്മാണകാര്യം—(തുടർച്ച)

2-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: ഇതിൽ മന്ത്രിക്ക് സ്വീകരിക്കാൻ പറ്റുന്ന ചില ഭേദഗതികളുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: മൂവ് ചെയ്തിട്ടുണ്ടല്ലോ. അത് അദ്ദേഹം എടുത്തോളും.

ശ്രീ. എം. വി. ജയരാജൻ: അതിൽ ചിലത് പറയണ്ട. രണ്ടാം വകുപ്പ് അംഗീകരിക്കുന്നെങ്കിൽ പറയുന്നില്ല. മൂന്നാം വകുപ്പു മുതൽ സംസാരിക്കാം.

Mr. Speaker: Minister may move your amendment.

LIBRARY ARCHIVES Kerala Legislative Assembly